പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2184

05.05.2017 -ലെ മറുപടിയ്ക്ക്

## കേന്ദ്ര സർക്കാരിന്റെ പുതിയ തൊഴിൽ നിയമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ. നാണു<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ പുതിയ തൊഴിൽ നിയമങ്ങൾ കേരളത്തിലെ തൊഴിൽ മേഖലയെ എങ്ങനെയൊക്കെയാണ് ബാധിക്കുക എന്ന് വ്യക്തമാക്കാമോ; ഈ നയത്തിൽ തൊഴിലാളി വിരുദ്ധവും തൊഴിൽ ഉടമകൾക്ക് അനുകൂലവുമായ എന്തൊക്കെ ഘടകങ്ങളുണ്ട് എന്നും ഇതെപ്പറ്റി സംസ്ഥാനവുമായി ചർച്ച നടത്തുകയുണ്ടായോ എന്നും വ്യക്തമാക്കാമോ; | എ) കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഷോപ്പ്സ് & എസ്റ്റാബ്ലിഷ്മെന്റ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ബിൽ 2015ലെ ചില വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960, തൊഴിലാളികൾക്ക് വിഭാവനം ചെയ്തിട്ടുള്ള തൊഴിൽ സുരക്ഷ ഇല്ലാതാക്കാനുള്ള സാധ്യതയുണ്ടെന്ന് കണ്ടെത്തുകയും ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ നിലവിലെ നിയമത്തിൽ ഒരു തൊഴിലാളി മാത്രമായാലും ടി നിയമത്തിന്റെ പരിധിയിൽ വരും. എന്നാൽ കേന്ദ്രം കൊണ്ടുവരുന്ന ബില്ലിൽ 10 ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളും മാത്രമേ ഈ ബില്ലിന്റെ പരിധിയിൽ വരുകയുള്ളൂ. നിലവിൽ അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഈ വ്യവസ്ഥ സാരമായി ബാധിക്കും. കൂടാതെ സംസ്ഥാന നിയമത്തിൽ 12 ദിവസത്തെ ആകസ്മിക അവധിയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിൽ നിലവിലെ കേന്ദ്ര ബില്ലിൽ ഇത് 8 ആയി ചുരുങ്ങുന്നു . കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ടിൽ 9 ഉത്സവ അവധിയും 4 ദേശീയ അവധിയും വ്യവസ്ഥ ചെയ്യുമ്പോൾ നിർദ്ദിഷ്ട ബില്ലിൽ അത് 8 ഉത്സവ അവധിയായും 3 ദേശീയ അവധിയായും കുറയുന്നു. ഇത് തൊഴിലാളികൾക്ക് പ്രതികൂലമാണ്. തൊഴിലുടമകൾക്ക് തൊഴിലാളികളെ നോട്ടീസ് നൽകാതെ പിരിച്ചുവിടാനുള്ള വ്യവസ്ഥ നിർദ്ദിഷ്ട കേന്ദ്രബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് തൊഴിലാളികളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. മിനിമം വേതനം നിയമം |

1948, പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965, Equal remuneration Act 1976 എന്നീ കേന്ദ്ര നിയമങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ലേബർ കോഡ് ഓൺ വേജസ് എന്ന കേന്ദ്ര സർക്കാരിന്റെ ബില്ല് സംബന്ധിച്ചും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ട്രേഡ് യൂണിയൻ ആക്ട് 1926 ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിംഗ് ഓർഡർ ആക്ട് 1946 എന്നീ മൂന്ന് കേന്ദ്ര നിയമങ്ങളെ സംയോജിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് എന്ന ബില്ല് സംബന്ധിച്ചും ഉള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഏറ്റവും ഒടുവിൽ സമഗ്രമായ സാമൂഹ്യ-സുരക്ഷാ, ക്ഷേമ കാര്യങ്ങൾക്കു വേണ്ടി കേന്ദ്ര സർക്കാർ പാസ്സാക്കുവാൻ ഉദ്ദേശിക്കുന്ന "ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ" എന്ന നിയമത്തിന്റെ കരട് അയച്ചുതന്നിട്ടുണ്ട്. നിലവിലുള്ള 15 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് ഈ നിയമം തയ്യാറാക്കിയിരിക്കുന്നത്. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ട്, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ആക്ട്, വിവിധ ക്ഷേമ സെസ്/ക്ഷേമ നിധി നിയമങ്ങൾ എന്നിവകൾക്ക് പകരമായിട്ടാണ് ഈ ഏകീകൃത നിയമം വിഭാവനം ചെയ്തിട്ടുള്ളത്.

അഖിലേന്ത്യാതലത്തിൽ ഒരു ദേശീയ സാമൂഹ്യ സുരക്ഷ കൗൺസിലും കേന്ദ്ര സാമൂഹ്യ സുരക്ഷാ ബോർഡും അതിനുകീഴിലായി സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കും പ്രത്യേകം സാമൂഹ്യ സുരക്ഷാ ബോർഡുകളും ടി നിയമം വിഭാവനം ചെയ്യുന്നു. നിലവിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഇരുപതോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്കും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്കുമാണ് ബാധകമെങ്കിൽ . പുതിയ നിയമം സംഘടിത-അസംഘടിത മേഖലകളിലെ എല്ലാ തൊഴിലാളികളെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നു. ഇതുകൂടാതെ, സ്വയം തൊഴിൽ ചെയ്യുന്നവർക്ക് നിശ്ചിതവിഹിതമടച്ചും ഒരേസമയം ഉടമയും തൊഴിലാളിയുമായി ചെറുകിട സംരഭങ്ങളിൽ ജോലി ചെയ്യുന്നവർക്ക്

ഇരു വിഹിതങ്ങളും സ്വയം അടച്ചും ആനുകൂല്യങ്ങൾക്ക് അർഹത നേടാം. മേല്പറഞ്ഞ രണ്ട ക്ഷേമപദ്ധതികളിലും ഇപ്പോൾ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എല്ലാം പുതിയ സംവിധാനത്തിൻ കീഴിൽ പുനരാവിഷ്ക്കരിച്ചിട്ടുണ്ട്.

കേരളത്തിൽ നിലവിലുള്ള ക്ഷേമനിധികളിൽ നാമമാത്രമായ അംശദായമേ തൊഴിലാളികളിൽ നിന്ന് ഈടാക്കി വരുന്നുള്ളൂ. നൽകിവരുന്ന ആനുകൂല്യങ്ങളും അത്ര ആകർഷകമല്ല. പുതിയ നിയമം വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ ഉയർന്നതും ആകർഷകവുമാണ്. എന്നാൽ ഇതിൽ തൊഴിലാളി അടയ്ക്കേണ്ടി വരുന്നത് വേതനത്തിന്റെ 12.5% ആണ്. നിലവിൽ 10,000/- രൂപ മാസശമ്പളമുള്ള ഒരു പീടികത്തൊഴിലാളി മാസം 20 രൂപ അംശദായം അടയ്ക്കുമ്പോൾ പുതിയ നിയമപ്രകാരം 1250/- രൂപ അടയ്ക്കേണ്ടതായി വരും. ഇ.പി.എഫ്, ഇ.എസ്.ഐ., കവറേജ് നിലവിലുള്ള സ്ഥാപനങ്ങളിൽ ഈ നിരക്കിലധികം (12+1.75%) നിലവിൽ നൽകിവരുന്നുണ്ട്. എന്നാൽ ഈ കവറേജിന് പുറത്തുള്ള അസംഘടിത മേഖലയിലെ ലക്ഷോപലക്ഷം തൊഴിലാളികളാണ് നാമമാത്രമായ അംശാദായം നൽകി പരിമിതമെങ്കിലും വിവിധതരത്തിലുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ കൈപ്പറ്റി വരുന്നത്. പുതിയ നിയമപ്രകാരമുള്ള തൊഴിലാളി വിഹിതം നൽകാൻ കഴിയാതെ വന്നാൽ ഇവർക്ക് തങ്ങളുടെ രജിസ്ട്രേഷൻ നിലനിർത്താൻ കഴിയാതെ വരും. മിനിമം വേതനത്തിന് താഴെ കുടുംബവരുമാനമുള്ള തൊഴിലാളികൾ അംശദായമടക്കേതില്ല എന്ന് പുതിയ നിയമ നിർദ്ദേശത്തിൽ പ്രസ്താവിക്കുന്നു-ണ്ടെങ്കിലും ആയതിന്റെ പ്രായോഗികതയെപ്പറ്റി വ്യക്തതയില്ല.

(ബി)കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി സർക്കാർ എന്തൊക്കെ പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;ഈ പരിപാടികൾ അവർക്കിടയിൽ എത്തിക്കാൻ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നതെന്നും ഇതരസംസ്ഥാന തൊഴിലാളികളുടെ സമഗ്ര ഡാറ്റാബേസ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ബി) കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 54366 തൊഴിലാളികൾ അംഗമായിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് -അപകട മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് "അപ്നാഘർ" പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പ ദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചി ട്ടുണ്ട്. ഈ മാതൃകയിൽ തിരുവന ന്തപുരം /എറണാകുളം/ കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കു വേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്ന തിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് 17.12.15 ലെ ജി.ഒ (ആർ.ടി) 1717/15/തൊഴിൽ നം. ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പ രിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി മെഡിക്കൽ ക്യാമ്പ്, പരസ്യ പ്രചാരണങ്ങൾ എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള ബോധവത്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി 2016-2017 സാമ്പത്തിക വർഷം 50,00,000 രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് സംസ്ഥാനമൊട്ടാകെ നടപ്പ് സാമ്പത്തിക വർഷം 70 മെഡിക്കൽ ക്യാമ്പുകളും പ്രചാരണ പരിപാടികളും നടത്തിയിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും നൽകുന്നതിനായി ലക്ഷ്യമിട്ടു കൊണ്ട് 27.10.2016 ലെ 1325/2016/തൊഴിൽ നമ്പർ ഉത്തരവിലൂടെ "ആവാസ്" എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതിയിൽ

അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. അതോടൊപ്പം 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് പരിരക്ഷ കൂടി ഉറപ്പുവരുത്തുന്നതാണ്. പദ്ധതി നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് തൊഴിൽ എടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

Sreedevi

**സെക്ഷൻ ഓഫീസർ**